പത്രക്കുറിപ്പ്

# യുവാക്കളെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ രണ്ടു പേർ പിടിയിൽ

# വ്യാജ ചാരായ നിർമ്മാണം: ഒരാൾ പിടിയിൽ

# മാർജിൻ ഫ്രീ ഷോപ്പിൽ നിന്നും പണം മോഷണം: പ്രതി പിടിയിൽ

## കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 220 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- സഹോദരങ്ങളായ രണ്ട് യുവാക്കളെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച നാലംഗ സംഘത്തിലെ രണ്ടു പേരെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കണ്ണമ്മൂല ചെന്നിലോട് മൂലയിൽ വീട്ടിൽ അശ്വിൻ (20), പേട്ട കൊക്കോട് ലെയിൻ പുത്തൻ വീട്ടിൽ ആദിത്യൻ (21) എന്നിവരെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.



പേട്ട പോലീസ് അറസ്റ്റ് ചെയ്ത അശ്വിൻ(20), ആദിത്യൻ(21)

തിങ്കളാഴ്ച വൈകിട്ട് 6.30 നാണ് സംഭവം നടന്നത്. പേട്ട കുടവൂർ ജംഗ്ഷനു സമീപമുള്ള ഇടറോഡിൽ വച്ച് സ്ഥലവാസികളും സഹോദരങ്ങളുമായ ജിത്തു,

ജിതിൻ എന്നിവരെ നാലംഗ സംഘം ക്രൂരമായി മർദ്ദിക്കുകയും വടിവാളുകൊണ്ട് വെട്ടി പരിക്കേൽപ്പിക്കുകയുമായിരുന്നു. പ്രതികൾക്ക് കഞ്ചാവ് കച്ചവടമാണെന്ന് പറഞ്ഞു പരത്തി എന്നാരോപിച്ചാണ് യുവാക്കളെ സംഘം ആക്രമിച്ചത്. ശംഖുമുഖം അസി. കമ്മീഷണർ ഡി.കെ പൃഥിരാജിന്റെ നേതൃത്വത്തിൽ പേട്ട എസ്.എച്ച്.ഒ ബിനുകുമാർ, എസ്.ഐ മാരായ നിയാസ്, സതീഷ്കുമാർ, സി.പി.ഒ മാരായ പ്രശാന്ത്, പ്രകാശ്, ശ്യാം എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ഒളിവിൽ കഴിയുന്ന മറ്റ് പ്രതികളെ പിടികൂടാൻ പ്രത്യേക സംഘം രൂപികരിച്ച് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## വ്യാജ ചാരായ നിർമ്മാണം: ഒരാൾ പിടിയിൽ

തിരുവനന്തപുരം:- ആറ്റുകാൽ പാടശ്ശേരി ഭാഗത്ത് വ്യാജ ചാരായം നിർമ്മിക്കവെ പോലീസ് സ്ഥലത്തെത്തിയ സമയം ഓടി രക്ഷപ്പെട്ട് ഒളിവിൽ പോയ പ്രതികളിൽ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പാടശ്ശേരി പണയിൽ വീട്ടിൽ ശിവകുമാർ (39)-നെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്.



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത ശിവകുമാർ(39)

2020 മേയ് മാസത്തിൽ പാടശ്ശേരി ഭാഗത്ത് ചാരായ നിർമ്മാണം നടക്കുന്നതായി വിവരം ലഭിച്ചതിനെ

തുടർന്ന് ഫോർട്ട് പോലീസ് സ്ഥലത്തെത്തിയ സമയം, ശിവകുമാറും കൂട്ടുപ്രതിയായ ബൈജുവും ഓടിരക്ഷപ്പെടുകയായിരുന്നു. അന്ന് സ്ഥലത്ത് പ്രതികൾ ഉപേക്ഷിച്ച് പോയ, 6 ക്യാനുകളിലായി സൂക്ഷിച്ചിരുന്ന 200 ലിറ്റർ വാഷും വാറ്റുപകരണങ്ങളും പോലീസ് പിടിച്ചെടുത്തിരുന്നു. തുടർന്ന് ഒളിവിൽ പോയ പ്രതികളെ അന്വേഷിച്ചു വരവെ ഫോർട്ട് അസി. കമ്മീഷണർ ഷാജിയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനാനത്തിൽ ഫോർട്ട് എസ്.എച്ച്.ഒ രാകേഷ്, എസ്.ഐ മാരായ സജു എബ്രഹാം, ദിനേഷ്, സി.പി.ഒ സാബു എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഒളിവിൽ കഴിയുന്ന രണ്ടാം പ്രതി ബൈജുവിനെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## മാർജിൻ ഫ്രീ ഷോപ്പിൽ നിന്നും പണം മോഷണം: പ്രതി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞം ചൊവ്വരയിലെ മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റിൽ നിന്നും പണം മോഷണം ചെയ്തെടുത്തയാളെ പോലീസ് പിടികൂടിയതായി ഐ.ജി. പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ചൊവ്വര കാഞ്ഞിരം നിന്നവിള വീട്ടിൽ ശ്രീക്കുട്ടൻ (19) - നെയാണ് വിഴിഞ്ഞം പോലീസ് പിടികൂടിയത്.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ശ്രീക്കുട്ടൻ (19)

കഴിഞ്ഞ ജൂൺ 24 നാണ് മോഷണം നടന്നത്. പകൽ സമയത്ത് കടയുടെ മുൻവശത്ത് വരാന്തയിൽ അടുക്കി വച്ചിരുന്ന പാൽ ട്രേകളിൽ അടിയിലത്തെ ട്രേയിൽ പാൽ ഏജൻസിക്ക് കൊടുക്കാനായി സൂക്ഷിച്ചിരുന്ന 4320 രൂപ പ്രതി മോഷ്ടിച്ചെടുത്ത് കടന്നു കളയുകയായിരുന്നു. സി.സി.റ്റി.വി ദൃശ്യങ്ങൾ പരിശോധിച്ച് പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രിജിത് ശശി, എസ്.ഐ മാരായ സമ്പത്ത്, വിനോദ്, തിങ്കൾ ഗോപകുമാർ, സി.പി.ഒ സാജൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ്-19 സുരക്ഷാ പരിശോധന
## വിലക്ക് ലംഘനം: 220 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ഇന്നലെ (06-07-2021) നാല്യ മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 220 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 58 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 131 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 8 പേരിൽ നിന്നുമായി 69,500/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 23 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ

മുൻകരുതൽ എടുക്കാത്ത 95 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
06-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി